| Publication : Metro Vaartha | Edition : Kochi |
|---|---|
| Date : March 26, 2020 | Page: 11 |


# ബാങ്ക് ഒഫ് ബറോഡ ഡിജിറ്റൽ ചാർജുകൾ ഒഴിവാക്കി

കൊച്ചി: പൊതുമേഖല ബാങ്കായ ബാങ്ക് ഒഫ് ബറോഡ മൂന്നു മാസത്തേക്കു ഡിജിറ്റൽ ബാങ്കിങ് ചാർജുകൾ ഒഴിവാക്കി. ബാങ്ക് ശാഖകൾ സന്ദർശിക്കാതെ ഇടപാടുകൾ നടത്താൻ കൂടുതൽ ഉപയോക്താക്കളെ പര്യാപ്തരാക്കുകയാണ് 'സ്റ്റേ സെയ്ഫ് ബാങ്ക് സെയ്ഫ്' എന്ന പേരിലുള്ള ഈ നീക്കത്തിലൂടെ ബാങ്ക് ലക്ഷ്യമിടുന്നത്.

കൊവിഡ്-19ന്റെ പശ്ചാത്തലത്തിൽ വിദൂര മേഖലകളിലുള്ളവർ അടക്കം എല്ലാ ഉപയോക്താക്കൾക്കും മികച്ച ബാങ്കിങ് അനുഭവങ്ങൾ നൽകുമെന്ന് ഉറപ്പു നൽകുന്നതായി ഇതേക്കുറിച്ചു പ്രതികരിക്കവെ ബാങ്ക് ഒഫ് ബറോഡ എക്സിക്യൂട്ടീവ് ഡയറക്റ്റർ വിക്രമാദിത്യ സിങ് ഖിച്ചി ചൂണ്ടിക്കാട്ടി.